**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **27-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട്ടെ കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ആലിഫ് ബിൽഡേഴ്സിന് മുപ്പത് വർഷത്തേക്ക് ലീസിന് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 19/02/2021-ലെ G.O. (MS) No. 8/2021/TRANS എന്ന സർക്കാർ ഉത്തരവു പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സർക്കാർ ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇതു സംബന്ധിച്ച KSRTC, KTDFC, ടെണ്ടറർ എന്നിവർ ചേർന്ന് കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് നിലനിൽക്കുന്ന പ്രദേശങ്ങളിൽ നൂറു മുതൽ നൂറ്റമ്പതു രൂപ വരെ സ്ക്വയർ ഫീറ്റിന് വാടക ലഭിക്കുമെന്നുള്ളപ്പോൾ ഇതിന്റെ പത്തിലൊന്ന് സ്ക്വയർ ഫീറ്റ് നിരക്കിന് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ലീസിന് നൽകാൻ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ; | (സി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടം കെ.റ്റി.ഡി.എഫ്.സി 2015 മുതൽ ലീസിനു കൊടുക്കുന്നതിലേയ്ക്കായി 4 പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 25.03.2015-ൽ ഒന്നാം ടെണ്ടറിൽ ഓഫർ തുക എഴുതാത്ത ടെണ്ടറാണ് ലഭിച്ചത്. അതിനാൽ രണ്ടാം ടെണ്ടർ 03/07/2015-ൽ വിളിച്ചു. രണ്ടാം ടെണ്ടറിലും ഓഫർ തുക എഴുതാത്ത ടെണ്ടർ ആണ് ലഭിച്ചത്. മൂന്നാം പ്രാവശ്യം 18/09/2015-ൽ ടെണ്ടർ വിളിച്ചു. പക്ഷേ മൂന്നാം ടെണ്ടർ ഓഫർ (തിരിച്ചടയ്ക്കേണ്ടാത്ത 50 കോടി രൂപയും മാസവാടകയായ 50 ലക്ഷം രൂപയും) അന്തിമമാകുന്നതിന് മുൻപ് നിയമ തടസ്സങ്ങളാൽ അതു ഉപേക്ഷിക്കുകയായിരുന്നു. നിയമതടസ്സം നീങ്ങാൻ കാലതാമസമുണ്ടായപ്പോൾ ഏറ്റവും അധികം ക്വാട്ട് ചെയ്ത ഓഫറർ സ്വയം പിൻമാറുകയായിരുന്നു. നിലവിലെ 4-ാം ടെണ്ടറിലെ ഇ-ടെണ്ടർ വിജ്ഞാപനം 2018 സെപ്റ്റംബർ 19-ൽ വിജ്ഞാപനം ചെയ്തതാണ്. 25 ലക്ഷം EMD സമർപ്പിച്ചിട്ടുള്ളവരുടെ ക്വാട്ട് ചെയ്ത തുകകൾ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. ഇതിൽ ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത M/s. ആലിഫ് ബിൽഡേഴ്സിന് തിരിച്ചു നൽകേണ്ടാത്ത നിക്ഷേപ തുക 17 കോടി രൂപയും 43,20,000/- രൂപ പ്രതിമാസ വാടകയും 3 വർഷംതോറും സ്വയം 10% വർദ്ധിക്കുന്ന |

| | | | |
|---|---|---|---|
| | | | നിരക്കിലും നൽകാനാണ് സർക്കാർ ഉത്തരവായത്. ടി തുകയായ 43,20,000 രൂപ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)-ന്റെ പരിശോധനയ്ക്കും അഭിപ്രായ ത്തിനും വിധേയമായിട്ടാണ് നൽകിയത്. ലീസ് നൽകാൻ സർക്കാർ, മന്ത്രിസഭയുടെ തീരുമാന ത്തോടെയാണ് നിശ്ചയിച്ചത്. |
| (ഡി) | പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി അഞ്ച് വർഷം കഴിഞ്ഞിട്ടും മാർക്കറ്റ് നിരക്കിൽ മറ്റാരും കെട്ടിടം വാടകയ്ക്കോ ലീസിനോ എടുക്കാത്തത് നിർമ്മാണത്തിലെ പിഴവ് കാരണമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത കെട്ടിടത്തിലെ നിർമ്മാണത്തിലെ പിഴവു കാരണമല്ല കെട്ടിടം വാടകയ്ക്കോ ലീസിനോ എടുക്കാത്തത്. 2015 മുതൽ പ്രസ്തുത കെട്ടിടത്തിന്റെ ലീസിനു വേണ്ടി ടെണ്ടർ ക്ഷണിക്കുന്നെങ്കിലും Competitive Rate ലഭ്യമാകാത്തതു ലീസ് നിരക്കിനെയോ, കെട്ടിട സുരക്ഷയെയോ ബാധിക്കുന്നതല്ല. നിർമ്മാണ ത്തിൽ എന്തെങ്കിലും തകരാറുണ്ടോ എന്ന് പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ ചെന്നൈ IIT യിലെ വിദഗ്ദരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണത്തിൽ എന്തെങ്കിലും വൈകല്യം ഉണ്ടോ എന്നത് അന്വേഷിക്കാൻ KTDFC യുടെ 165-മത് Board യോഗം വിജിലൻസ് വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത അന്വേഷണത്തിൽ വിജിലൻസ് വകുപ്പിന്റെ വിദഗ്ധ സമിതിയെ KTDFCയും സഹായിക്കുന്നു. ഇതുമായി ലീസ് നിരക്കിന് ബന്ധമൊന്നും ഉള്ളതായി കാണുന്നില്ല. മൂന്നാം ടെണ്ടറിലും നാലാം ടെണ്ടറിലും മത്സരസ്വഭാവമുള്ള നിരക്കുകൾ ലഭിച്ചു. ഈ തകരാറുകൾ പരിഹരിക്കുന്ന വിവരം ടെണ്ടറർമാർക്കറിവുള്ളത് തന്നെയാണ്. |

സെക്ഷൻ ഓഫീസർ